ഉത്തരം

(എ) അഞ്ച്.

തിരുവനന്തപുരം . 1

തൃശ്ശൂർ . 2

കോഴിക്കോട് . 1

തലശ്ശേരി . 1

(ബി) ഇല്ല.

(സി, ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മലപ്പുറം ജില്ലയിൽ പുതിയ കോളേജുകൾ

704 [1027] ശ്രീ. എം. പി. എം. അബ്ദുള്ള കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക പ്രദേശമായ മലപ്പുറം ജില്ലയിൽ പുതിയ കോളേജ് അനുവദിക്കുമോ?

ഉത്തരം

1979-80-ൽ പുതുതായി കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല.

കാർ വാങ്ങാനുള്ള വായ്പാ പദ്ധതി

705 [1029] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർ വാങ്ങാനുള്ള വായ്പാ പദ്ധതി അനുസരിച്ച് 1978-79ൽ സ്റ്റേറ്റിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു;

(ബി) വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) വായ്പ ലഭിച്ചവരിൽ എത്ര പേർ ഹരിജനങ്ങളാണെന്ന് വ്യക്തമാക്കാമോ;

(ഡി) വായ്പ എത്ര തവണകളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്;

(ഇ) എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത്;

(എഫ്) വായ്പ അനുവദിക്കുന്ന കാര്യത്തിൽ ഹരിജനങ്ങൾക്ക് എന്തെങ്കിലും പ്രത്യേകാനുകൂല്യം നൽകുന്നുണ്ടോ?

ഉത്തരം

(എ) കാർ വാങ്ങാനുള്ള വായ്പാ പദ്ധതി അനുസരിച്ച് 1978-79-ൽ ഇതുവരെ സ്റ്റേറ്റിൽ 68 പേർക്ക് വായ്പ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 750 രൂപയോ അതിൽക്കൂടുതലോ പ്രതിമാസ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻമാർ വായ്പയ്ക്കു അർഹരാണ്. അപേക്ഷകന്റെ ഔദ്യോഗിക ചുമതലകളും നിർവ്വഹിക്കുന്നതിന് വാഹനത്തിന്റെ ആവശ്യകതയും കൂടി കണക്കിലെടുത്താണ് വായ്പ നൽകുന്നത്.

(സി) ഒരാൾ ഹരിജനാണെന്ന് വ്യക്തമായി അറിയാം. ബാക്കിയുള്ളവർ അവരുടെ അപേക്ഷയിൽ ഹരിജനാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

(ഡി) 96 (പ്രതിമാസ) തവണകളായിട്ടാണ് തിരിച്ച് അടയ്ക്കേണ്ടത്.

(ഇ) 6% പലിശ ഈടാക്കുന്നു.

(എഫ്) 1975 ജൂലൈ 8-ലെ ജി. ഓ (പി) 302/75/ധനകാര്യം എന്ന ഉത്തരവനുസരിച്ച് ഹരിജനങ്ങളും അപേക്ഷയിൽ പ്രത്യേക മുൻഗണന ആവശ്യപ്പെടുന്ന പക്ഷം പരിഗണന നൽകുന്നതാണ്.

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ഹരിജനങ്ങൾക്ക് നൽകിയ വായ്പ

706 [1030] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും എത്ര ഹരിജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുണ്ട്;

(ബി) വ്യാവസായിക വായ്പ എടുത്തിട്ടുള്ള ഹരിജനങ്ങൾ എത്ര; ഏതെല്ലാം വ്യവസായങ്ങൾക്കാണ് വായ്പ നൽകിയിട്ടുള്ളത്;

(സി) വ്യാവസായിക വായ്പക്ക് എന്ത് പലിശയാണ് ഈടാക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിജനങ്ങളായ വ്യവസായ സംരംഭകർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയനുസരിച്ചു മൂന്നു അപേക്ഷകർക്കും ഹരിജനങ്ങൾ മാത്രം അംഗങ്ങളായുള്ള ഒരു വ്യവസായ കമ്പനിക്കും കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നൽകിയിട്ടുണ്ട്. ജനറൽ സ്കീമനുസരിച്ചു എത്ര ഹരിജനങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ടെന്നു കണക്കാക്കിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ വ്യവസായ സ്ഥാപനങ്ങളിലായി 8 (എട്ട്) ഹരിജനങ്ങൾ വായ്പ എടുത്തിട്ടുണ്ട്. പ്രിന്റിംഗ് പ്രസ്, ഓയിൽ മിൽ, നട്ടുബോൾട്ട് മുതലായവ ഉണ്ടാക്കുക എന്നീ വ്യവസായങ്ങൾക്കു വേണ്ടിയാണ് വായ്പ നൽകിയിട്ടുള്ളത്.

(സി) സാധാരണ നിരക്കിൽ നിന്നും ഒരു ശതമാനം കുറച്ചാണ് പലിശ ഈടാക്കുന്നത്. അതായത് മുന്നോക്ക പ്രദേശങ്ങളിൽ 10 ശതമാനവും പിന്നോക്ക പ്രദേശങ്ങളിൽ 8½ ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly